പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 580 **13-10-2026-ൽ മറുപടിയ്ക്ക്**

കെ.എസ്.ഇ.ബി.-യുടെ നഷ്ടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. എം. അഭിജിത്ത്

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ 10 വർഷത്തെ കെ.എസ്.ഇ.ബി.യുടെ നഷ്ടം എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ;

മറുപടി: ആഡിറ്റ് ചെയ്ത കണക്കുപ്രകാരമുള്ള ലാഭം/(നഷ്ടം) കെ.എസ്.ഇ.ബി.എൽ-ന്റെ 2016-2017 മുതൽ 2025-2026 വരെയുള്ള ലാഭം/(നഷ്ടം) (തുക കോടിയിൽ) ചുവടെ ചേർക്കുന്നു.

വർഷം	തുക	ലാഭം/നഷ്ടം
2016-17	(1494.63)	നഷ്ടം
2017-18	(784.10)	നഷ്ടം
2018-19	(290.00)	നഷ്ടം
2019-20	(269.55)	നഷ്ടം
2020-21	(1822.75)	നഷ്ടം
2021-22	736.27	ലാഭം
2022-23	(1023.62)	നഷ്ടം
2023-24	218.51	ലാഭം
2024-25	571.22	ലാഭം
2025-26	(249.39)	നഷ്ടം

2023-24 ലെ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം കെ.എസ്.ഇ.ബി.എൽ-ന്റെ ലാഭം 218.51 കോടി രൂപയാണ്. ഈ ലാഭം കാണിച്ചിരിക്കുന്നത് 2022-23 ലെ നഷ്ടം സർക്കാർ ഏറ്റെടുത്ത വകയിൽ ലഭിച്ച 767.72 കോടി രൂപയും ചേർത്താണ്. ഇതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

2023-24 ലെ കണക്ക് പ്രകാരം ലാഭം (A)	+218.51 കോടി രൂപ
2022-23 ലെ നഷ്ടം സർക്കാർ ഏറ്റെടുത്ത വകയിൽ ലഭിച്ച തുക (B)	-767.72 കോടി രൂപ
	-549.21 കോടി രൂപ

അധിക കടമെടുപ്പ് പദ്ധതിയുടെ നിബന്ധനകൾ പ്രകാരം മുൻ വർഷത്തെ നഷ്ടം സർക്കാർ ഏറ്റെടുത്ത വകയിൽ ലഭിച്ച തുക ആ വർഷത്തെ അധിക കടമെടുപ്പിന്റെ ഭാഗമായി ഏറ്റെടുക്കേണ്ടുന്ന നഷ്ടത്തിൽ ഉൾപ്പെടുത്തുവാൻ പാടില്ല. ആയത് പ്രകാരം 2023-24 വർഷത്തിൽ 549.21 കോടി രൂപ (218.51-767.72) നഷ്ടത്തിൽ കെ.എസ്.ഇ.ബി.എൽ പ്രവർത്തിച്ചതായി കണക്കാക്കി, ആയതിന്റെ 90% ആയ 494.29 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായത്. 2024-25 ലെ കണക്കിൽ ഈ തുക വകയിരുത്തിയിട്ടുണ്ട്.

പുറമേ നിന്ന് വാങ്ങുന്ന വൈദ്യുതിയുടെ വില, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, ആക്ച്വറി മൂല്യ നിർണയം തുടങ്ങിയ ഇനങ്ങളിലുണ്ടായ വർദ്ധനയാണ് കെ.എസ്.ഇ.ബി.എൽ നഷ്ടത്തിലാവുന്നതിന്റെ പ്രധാന കാരണങ്ങൾ. ആഭ്യന്തര ഉത്പാദനം വർധിപ്പിക്കൽ, ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് പുറമേ നിന്നും വാങ്ങേണ്ടി വരുന്ന വൈദ്യുതിയുടെ അളവും ചെലവും കുറയ്ക്കൽ, ഭരണച്ചെലവ് കാര്യമായി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കൽ, പ്രസരണ-വിതരണ നഷ്ടം കുറയ്ക്കൽ, വിതരണ മേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ തുടങ്ങിയ നടപടികളിലൂടെയും മറ്റും നഷ്ടം കുറച്ചു കൊണ്ടുവരുന്നതിന് സർക്കാർ പരമാവധി ശ്രമങ്ങൾ നടത്തി വരുന്നു.

കേരള സർക്കാർ കഴിഞ്ഞ പത്ത് വർഷത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കെ.എസ്.ഇ,ബി.എൽ-ന് നൽകിയ സഹായങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	**തുക** **(കോടിയിൽ)**
2016-17	68.07
2017-18	130.83
2018-19	99.29
2019-20	16.59
2020-21	904.85
2021-22	376.71
2022-23	225.46
2023-24	1037.81
2024-25	239.59
2025-26	723.23

കെ.എസ്.ഇ.ബി.എൽ-നെ കമ്പനി ആക്കിയ 2013 നവംബർ 1 മുതൽ 2023 ഒക്ടോബർ 31 വരെ 10 വർഷത്തേയ്ക്ക് ഉപഭോക്താക്കളിൽ നിന്ന് കെ.എസ്.ഇ.ബി.എൽ പിരിച്ച് സർക്കാരിലേയ്ക്ക് ഒടുക്കേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടി തുക പൂർണ്ണമായും കൈവശം വെയ്ക്കുവാൻ സർക്കാർ 31/10/2013 ലെ ജി.ഒ.(പി) നം.46/2013/ഊർജ്ജം, 28/01/2015 ലെ ജി.ഒ.(പി) നം.3/2015/ഊർജ്ജം എന്നിവ പ്രകാരം കെ.എസ്.ഇ.ബി.എൽ-ന് അനുമതി നൽകിയിരുന്നു. കമ്പനി ആകുന്നതിന് മുൻപ് ഉണ്ടായിരുന്ന ജീവനക്കാരുടെ പെൻഷൻ ബാധ്യതകൾ, ടെർമിനൽ സറണ്ടർ തുടങ്ങിയവയ്ക്ക് തുക കണ്ടെത്തുന്നതിനായി ആണ് പ്രസ്തുത അനുമതി നൽകിയിരുന്നത്.

എന്നാൽ കെ.എസ്.ഇ.ബി.എൽ പെൻഷണേഴ്സ് കൂട്ടായ്മ ഫയൽ ചെയ്ത W.P(C)No.37302/2023-ലെ സ്റ്റേ ഉത്തരവിന്റെ വെളിച്ചത്തിൽ 31/10/2023-ന് ശേഷവും കെ.എസ്.ഇ.ബി.എൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല.

ഇപ്പോൾ കെ.എസ്.ഇ.ബി.എൽ കൈവശം വെച്ച് വരുന്ന ഇലക്ട്രിസിറ്റി ഡ്യൂട്ടി തുകയിൽ നിന്നും സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക, സ്ഥാപനങ്ങളിലെ സർക്കാർ സ്മാർട്ട് മീറ്ററുകളുടെ റീചാർജ്ജ്, സബ്സിഡി ഇനത്തിൽ കെ.എസ്.ഇ.ബി.എൽ-ന് സർക്കാർ നൽകാനുള്ള തുകകൾ എന്നിവ തട്ടിക്കിഴിക്കുന്നുണ്ട്.

(ബി) കെ.എസ്.ഇ.ബി.യുടെ നഷ്ടത്തിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കെ.എസ്.ഇ.ബി.-യുടെ നിലവിലുള്ള വരവും ചെലവും തമ്മിലുള്ള വ്യത്യാസം എത്രയാണ്; കഴിഞ്ഞ 10 വർഷത്തിനിടെ കെ.എസ്.ഇ.ബി-യ്ക്ക് സഹായമായി സർക്കാർ നൽകിയ തുക എത്രയാണ്; വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ